**A** **712**

# പാദവാർഷിക മൂല്യനിർണയം 2017–18

## മലയാളം

സ്റ്റാൻഡേർഡ് - 7 | അടിസ്ഥാന പാഠാവലി | സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. നൽകിയിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 - അനുഭവക്കുറിപ്പ്**

> നിഷ്കളങ്കവും നിസ്വാർഥവുമാണ് സഹോദരസ്നേഹം. ചേച്ചിയും അനുജനും തമ്മിലുള്ള സ്നേഹത്തിന്റെ ആവിഷ്കാരമാണ് 'കൊച്ചനുജൻ' എന്ന കവിത. അന്നോളം അനുജനെ തൊടീക്കാതെ കാത്തു സൂക്ഷിച്ച കളിക്കോപ്പുകൾ അവനുനൽകി ചേച്ചി പിരിഞ്ഞു പോകാനൊരുങ്ങുമ്പോൾ കുഞ്ഞുമനസ്സ് വേദനിക്കുന്നു. ഇവയെക്കാളൊക്കെ പ്രിയപ്പെട്ടത് ചേച്ചിയുടെ സ്നേഹം തന്നെയാണെന്ന് അവൻ തിരിച്ചറിയുന്നു.

**എ.** ഇത്തരത്തിൽ സ്നേഹിച്ചവരെ വേർപിരിഞ്ഞ അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാകാം. അപ്പോഴുണ്ടായ വികാരം, വീണ്ടുമോർക്കുമ്പോഴുള്ള വിഷമം. ഇവയൊക്കെ ഉൾപ്പെടുത്തി **അനുഭവക്കുറിപ്പ്** തയാറാക്കുക.

**ബി.** "എന്തിനേ പിന്നെ നീയെന്റെ മുമ്പി-
ലിമ്മനോഹാരിത വെച്ചു തന്നു."
ഇവിടെ മനോഹാരിത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തിനെയാണ്?
(പാവകളെ, പുസ്തകങ്ങളെ, മയിൽപ്പീലിയെ)

**പ്രവർത്തനം 2 - വിശകലനക്കുറിപ്പ്**

"ഒരു നഗരത്തിലെ ഒരേ കെട്ടിടത്തിൽ ഒരു ഗായകനും ഒരു കവിയും ഒരു ഫുട്ബോൾ കളിക്കാരനും താമസിക്കുന്നു. "

**എ.** കെ. പി. കേശവമേനോന്റെ 'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു' എന്ന പാഠഭാഗത്തിൽ ഇങ്ങനെ പറയുന്നു. ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ടു വ്യക്തികൾ രണ്ടു വ്യത്യസ്ത ലോകങ്ങളിൽ ജീവിക്കുന്നതായി കാണാം.

ഒരേ കെട്ടിടത്തിൽ താമസിച്ചിട്ടും ഇവർ ജിവിക്കുന്നതു വ്യത്യസ്ത ലോകങ്ങളിലാണ് എന്നു പറയുന്നത് എന്തുകൊണ്ട്? **വിശകലനക്കുറിപ്പ്** തയാറാക്കുക.

**ബി.** താഴെ കൊടുത്തിരിക്കുന്നവയിൽ കെ. പി. കേശവമേനോന്റെ കൃതി ഏത്?

(കോയസ്സൻ, ജീവിത ചിന്തകൾ, പാത്തുമ്മയുടെ ആട്)

**പ്രവർത്തനം 3 – കവിതാരചന**

'തേരോടിക്കാറ്റിനായി ചുവന്ന പൂക്കൾ വാരിക്കൊടുക്കുന്ന വള്ളിപോലെ........'

ഇതു കൊച്ചനുജൻ എന്ന കവിതയിലെ ഒരു പ്രയോഗമാണ്. കാറ്റിനെക്കുറിച്ചുള്ള ഒരു കുഞ്ഞു കവിത നോക്കൂ.........

പൂമണം കൊണ്ടുവന്ന
കള്ളനായ കാറ്റ്
കോതിവച്ച മുടി പറത്തി
വികൃതിയായ കാറ്റ്.....

തുടർന്നുള്ള വരികൾകൂട്ടിച്ചേർത്ത് **കവിത** രചിക്കൂ. ഉചിതമായ തലക്കെട്ടും നൽകുമല്ലോ.

**പ്രവർത്തനം 4 – കുറിപ്പ് തയാറാക്കുക**

വായനദിനത്തോടനുബന്ധിച്ച് ധാരാളം പ്രവർത്തനങ്ങൾ നിങ്ങളുടെ വിദ്യാലയത്തിലും നടന്നിട്ടുണ്ടാകുമല്ലോ. നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു **കുറിപ്പ്** തയാറാക്കുക.

**പ്രവർത്തനം 5 – കഥയെഴുതുക**

'കൊച്ചനുജൻ' എന്ന കവിതയിലെ അനുജനെയും ചേച്ചിയെയും നിങ്ങൾക്ക് ഒരുപാടിഷ്ടമായല്ലോ! ഈ കവിതയെ നമുക്ക് **കഥ**യാക്കിയാലോ. ഉചിതമായ ശീർഷകം നൽകുക.

exam WINNER

**പ്രവർത്തനം 6 – പ്രയോഗഭംഗി വിശദമാക്കുക**

അശ്വതിയെ കഥയിൽ പരിചയപ്പെടുത്തുന്ന വാക്യം ഇങ്ങനെയാണ്. "കഷ്ടിച്ച് ആറൊ ഏഴൊ വയസ്സുമാത്രം മതിക്കുന്ന ആ പെൺകുട്ടിക്ക്, പറിച്ചുനട്ടതിനുശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യതയുണ്ടായിരുന്നു" .

അശ്വതിയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ ഈ വാക്യത്തിൽ നിന്ന് മനസിലാക്കാം ?

പ്രയോഗഭംഗി വിശദീകരിച്ചു **കുറിപ്പ്** തയാറാക്കുക.